# കേരള
# പ്രൈവററ് കോളേജ്
# ടീച്ചർ

ജനുവരി 24 ന്
തിരുവനന്തപുരത്ത്
പ്രകടനം

എ. കെ. പി. സി. ടി. എ.
ജേർണൽ. 1981 ജനുവരി

## വാർത്തകൾ അയച്ചുതരണം

ഓരോ ജില്ലയിലും നടക്കുന്ന സമരസംബന്ധമായ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ചീഫ് എഡിററുടെ പേർക്ക് അയച്ചുതരിക.

## വരിസംഖ്യ

ജേർണലിന്റെ വരിസംഖ്യ കുടിശിക വരുത്തരുതെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കട്ടെ. വരിസംഖ്യയുടെ കാലാവധി തീർന്ന ബ്രാഞ്ചുകൾ എത്രയും പെട്ടന്നുതന്നെ അത് എത്തിച്ചുതരണം.

## വാർഷികപ്പതിപ്പ്

ജേർണൽ വരുന്ന ഏപ്രിലിൽ പുറത്തിറക്കുന്ന വാർഷികപ്പതിപ്പ് പഠനാർഹമായ ലേഖനങ്ങളടങ്ങുന്ന മികച്ചൊരു പ്രസിദ്ധീകരണമായിരിക്കും. വാർഷികപ്പതിപ്പിലേയ്ക്ക് പരസ്യങ്ങൾ ശേഖരിയ്ക്കുന്നതിന് ഓരോ ബ്രാഞ്ചും ശ്രദ്ധിക്കണം. താരിഫ് കാർഡുകൾ താമസിയാതെ എത്തിച്ചുതരുന്നതാണ്.

## ബ്രാഞ്ചുസെക്രട്ടറിമാരുടെ മേൽവിലാസം

ബ്രാഞ്ചുസെക്രട്ടറിമാരുടെ താമസസ്ഥലത്തെ മേൽവിലാസം എത്രയും പെട്ടെന്ന് ജനറൽ സെക്രട്ടറിയ്ക്ക് അയയ്ക്കുക. അംഗങ്ങളുടെ മേൽവിലാസം ബ്രാഞ്ചുസെക്രട്ടറി ശേഖരിയ്ക്കുമല്ലോ.

Prof. G. Madhavan Nair,
Krishna vilas
Kilimannoor. P.O.

All Correspondence regarding the journal should be addressed to :

V. N. Murali,
Vasantham,
Kesavadasapuram,
Trivandrum–4

കേരള പ്രൈവററ് കോളേജ് ടീച്ചർ □ എ. കെ. പി. സി. ടി. എ. ജേർണൽ □ 25 □ 1981 ജനുവരി □ വാർഷിക വരിസംഖ്യ : അഞ്ചു രൂപ □ ഒററപ്രതി: അമ്പതു പൈസ □ പത്രാധിപസമിതി: വി. നാരായണൻകുട്ടി □ ജി. മാധവൻനായർ □ എൻ. ഭാർഗവൻ □ എം. ആർ. ചന്ദ്രശേഖരൻ □ പി. രവീന്ദ്രനാഥ് □ വി. എൻ. മുരളി (ചീഫ് എഡിററർ)

## പ്രകടനത്തിനുശേഷം കൺവൻഷൻ

ജനുവരി 24–ാം തീയതി തലസ്ഥാനത്തു നടക്കുന്ന പ്രകടനത്തിനുശേഷം വി. ജെ. ടി. ഹാളിൽ കൂടുന്ന കൺവൻഷനിൽ വിവിധ അധ്യാപക–സർവ്വീസ് സംഘടനാ നേതാക്കൾ പങ്കെടുക്കും.

## ജീപ്പുജാഥകൾ

സമരസമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള സമരപ്രചാരണ ജീപ്പു ജാഥകൾ കേരളത്തിലുടനീളം പര്യടനം നടത്തിക്കൊണ്ടിരിക്കുകയാണ്. **ഫെബ്രുവരി-4** മുതൽ ആരംഭിക്കുന്ന അനിശ്ചിതകാല പണിമുടക്ക് പൂർണ്ണവിജയത്തിലെത്തിക്കണമെന്ന സന്ദേശവുമായി ഒട്ടുമിക്ക കോളേജുകളിലും ജീപ്പുജാഥകൾ ചെന്നെത്തും. ഒപ്പം എന്തുകൊണ്ട് കോളേജദ്ധ്യാപകർ ഒരു പണിമുടക്കു സമരത്തിലേയ്ക്കു നീങ്ങുന്നുവെന്ന് പൊതുജനങ്ങളോടു വിശദീകരിക്കുകയും ചെയ്യും. സമരത്തെ എതിർക്കുകയും, സമരത്തിലൂടെ നേടിയെടുക്കുന്നതൊക്കെ മുന്നിട്ടുനിന്നുവാങ്ങുകയും ചെയ്യുന്ന ചിലരുണ്ടല്ലോ. അവർ സൃഷ്ടിച്ചുവിടുന്ന എതിർ പ്രചാരണങ്ങളുടെ പുകമറയുമുണ്ട്. ഈ ഒരു സാഹചര്യത്തിൽ നമ്മൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ എത്രത്തോളം പ്രാധാന്യമർഹിക്കുന്നവയാണെന്ന് ഏവരേയും ബോധ്യപ്പെടുത്താൻ ഈ പ്രചാരണജാഥൾക്കുകഴിയും. അതുകൊണ്ട് ജീപ്പുജാഥകൾക്ക് ഉജ്ജ്വല സ്വീകരണം നൽകി നമ്മുടെ സമരപ്രചാരണം പൂർണ്ണ വിജയത്തിലെത്തിക്കുക.

## 24 ന് പ്രകടനം

ജനുവരി 24–ാം തീയതി ശനിയാഴ്ച രാവിലെ തിരുവനന്തപുരത്തു നടക്കുന്ന പ്രകടനത്തിൽ എല്ലാ എ. കെ. പി. സി. ടി. എ. അംഗങ്ങളും പങ്കെടുക്കണം. നമ്മൾ ആരംഭിക്കുന്ന പണിമുടക്കുസമരത്തിൻെറ ശക്തി വിളിച്ചറിയിക്കുന്നതായിരിക്കും പ്രകടനം. എ. കെ. പി. സി. ടി. എ. യുടെ അംഗസംഖ്യ ഏററവുമധികം വർദ്ധിച്ച വർഷമാണിത്. അതും നമ്മുടെ പ്രകടനത്തിൽ പ്രതിഫലിക്കണം. സംഘടനയുടെ ശക്തിയും കെട്ടുറപ്പും തെളിയിക്കുന്നു ഈ പ്രകടനം വിജയിപ്പിക്കാൻ എല്ലാവരും മുന്നിട്ടിറങ്ങണമെന്ന് ഞങ്ങൾ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു. □

# യു. ജി. സി. സ്കെയിൽ : തടസ്സവാദങ്ങളും വസ്തുതകളും

## RELEVANT EXTRACTS FROM THE TAMILNADU G.O. (MS) NO. 2106 DT. 21-9 1977 SANCTIONING U. G. C. SCALES OF PAY FOR GOVT. AND PRIVATE COLLEGE TEACHERS

### ORDER

**Reservation of Posts for Scs., S.Ts and B. Cs.**

The conditions of the Geverment of India in this regard are that recruitment of teachers should be strictly on the basis of merit and that appointments should not be made on communal or caste consideration. In this state, as a matter of policy, reservations for appointments to posts in Governmet and allied establishments are made at 18% for S.Cs,S.Ts., and 31% for Backward Classes. The University Grants Commission has recently announced certain guidelines to be followed in the matter of reservation of vacancies for S. Cs., and S. Ts. in the category of Lecturers in Universities, and colleges. The Government of India, who were appraised on the position obtaining in this state, has replied that they are reviewing the whole matter and that they have no objection to this Government proceeding with the revision of old pay scales without any change being made in the existing pattern of reservations. The committee has, in the circumstances, recommended that the existing procedure of reservation for S.Cs., S Ts., as well as B.Cs., in the state may continue to be followed in respect of recruitment of teaching staff in Government Colleges. The Government Accept the Recommendations of the Committee.

**Qualfications for teaching staff in Colleges**

The qualification prescribed by the University Grants Commission and accepted by the Government of India for recruitment to the post of College Lecturers is as follows:

a) A consistently good academic record with 1st or high 2nd Class (Bplus) at the Master's Degree in a relevant subject or an equivalent degree of foreign University; and

b) a M. Phil degree or a recognised degree beyond the Master's level or published work indicating the capacity of a candidate for independent research work. Provided that if the Selection Committee is of the view that the research work of a candidate as evident either from his thesis or from his published work is a very high standard it may relax any of the qualification prescribed in (a) above.

Provided further that if a candidate possessing the qualifications as at (B) above is not available or not considered suitable, the college, on the recommendation of the Selection Committee, may appoint a person possessing a consistently good academic record on the condition that he will have to obtain an M. Phil. degree or a recognised degree beyond the Master's level within five years of his appointment, failing which he will not be able to earn future increments till he obtains that degree or gives evidence of equivalent published work of high standard.

The qualifications prescribed by Government of India will apply only to future recruits.

യു. ജി. സി. സ്കെയിൽ വിവിധ സംസ്ഥാനങ്ങളിൽ : 18–ാം പേജ് കാണുക.

## Strike Notice

To

The Hon. Minister for Education,
Government of Kerala,
Trivandrum.

Sir,

**Strike of work by Government and Private College Teachers in the State - Notice - Regarding.**

Notice is hereby given that teachers of Government and Private Colleges of Kerala shall strike work as per the call of the Action Council of College Teachers' Associations with effect from the forenoon of 4 February, 1981 till the following demands are conceded by the Government.

1. U. G. C. Scales of Pay :

The scales of pay recommended for College and University teachers by the University Grants Commission and approved of by the Government of India have already been implemented in all the states of India except Kerala. It may be noted that some of the conditions stipulated in the original order of the U.G.C. have since been waived to suit the requirement of the state regarding conditions of service and recruitment of teachers. The argument that the recommendations of the U.G.C. should be taken as a scheme does not hold good since many of the conditions have been negotiable. It is unjust to deny the benefits of an All India pay scale to the college teachers of our state. We request you to implement the scales of pay with retrospective effect without any further delay.

2. University (Amendment) Acts, 1978.

The amendment to the Kerala and Calicut University Acts laying down that refusal to do a day's examination work will entail loss of two months' salary is notoriously unique in many respects. This piece of legislation was enacted to suppress the struggle of college teachers in support of their various demands including U. G. C. Scales of pay. We request you to withdraw the amendment acts without any further delay.

3. Sanction (non-cadre) I Grade Professorship

Several teachers working as Grade II Professors are stagnating since there is no possibility for them to be promoted Grade I Professors. To avoid the stagnation as Grade II Professors it is necessary that Grade I (non-cadre) Professorship should be sanctioned. This would be in accordance with the recommendation of pay commission that an employee should have two promotions in his career.

4. Counting of Jr. Lecturer Service for promotion as II Grade (non-cadre) Professor and abolition of the post of Jr. Lecturer.

As you are aware a Jr. Lecturer should have the same qualification as a Lecturer and is bound to carryout the same amount of work as a Lecturer does. The fact that he is made to remain on a lower scale of pay for two years is itself a punishment. There are cases where a teacher was obliged to remain as Tutor or Demonstrator for more than half a dozen years owing to lack of vacancies for the post of lecturer. It is only just to demand that their entire service as Tutor/ Demonstrator / Jr. Lecturer should be counted for promotion as non - cadre professor.

The practice of making a fully qualified teacher remain on a lower scale of pay is unheard of in any other department. This is also against the principle of equal pay for equal work. We request you to abolish the post of Jr. Lecturer with immediate effect.

5. Total service should be the basis of promotion as Principal in Government College :

The practice of appointing principals in Government Colleges on the basis of cadre seniority has created unpleasent situations in many colleges where professors senior both in age and service are obliged to work under Principals who are comparatively very young. We request you to order promotion of teachers as Principals in Government Colleges on the basis of total teaching service.

6. Norms for transfers in Corporate Managements :

Teachers in N.S.S. and S. N. Colleges are transferred as per the whims and fancies of the concerned management and as a result they are put to untold misery and hardship. Section 64 of the Kerala and Calicut University Acts which prohibits inter - University transfers has not been implemented so far. As such the N. S. S. and S. N. Managements have the freedom to transfer teachers from one corner of the state to the other where they have colleges. They profusely make use of this opportunity to victimise those teachers who do not dance to their tunes. The Muslim Educational Society and Travancore Devaswom Board are having colleges in the Calicut and Kerala University area respectively. Section 64 of the University Acts does not prevent them or the N S S & S N managements from transferring teachers arbitrarily from one College to another within the University area. We request you to implement Section 64 of the University Acts with the amendment as suggested by the All-Kerala Private College Teachers' Association and make the managements lay down norms for intra-university transfers in consultation with teacher representatives.

7. Sanction earned leave :

College Teachers are treated as vacation officers Vacation officers are eligible for two months' vacation as per rules. College teachers at present are deprived of their vacation owing to examination work. As per Rule 81 Section III, Part I K. S. R., which is applicable to Private College Teachers also, earned

leave is admissible to an officer in a vacation department in respect of any year in which he is prevented from availing himself of eligible vacation. We request you to sanction earned leave to all teachers who are doing examination work during the vacation.

8. <u>Withdraw 'Diesnon' with retrospective effect :</u>

As you are aware all service organisations of the state have been demanding the withdrawal of 'Diesnon'. We are of opinion that 'Diesnon' is a piece of repressive legislation intended for suppressing democratic struggles of the working class. We demand that 'Diesnon' be withdrawn with retrospective effect.

Yours faithfully,

Chairman :
Sd/-
R. RAMACHANDRAN NAIR,
N. S. S. College,
Ottapalam-3.

Conveners :

Sd/-
T. V. BALAN,
General Secretary,
A K G C T.

Sd/-
G. MADHAVAN NAIR,
General Secretary,
A K P C T A.

Trivandrum,
7-1-1981.

## നിർബന്ധിതപ്പിരിവിനെതിരെ ധർണ

എൻ എസ്.എസ്. മാനേജ്മെൻറ് സ്ഥലം
മാററഭീഷണി ഉപയോഗിച്ച് ജീവനക്കാരുടെ
പക്കൽനിന്നും നടത്തുന്ന നിർബ്ബന്ധിതപ്പി
രിവിൽ പ്രതിഷേധിച്ച് ഒററപ്പാലം എൻ.
എസ്. എസ്. കോളേജിലെ അധ്യാപകർ പ്രി
ൻസിപ്പലിൻെറ ഓഫീസിനു മുമ്പിൽ, കാലി
ക്കററ് യൂണിവേഴ്സിററി സിൻഡിക്കേററ്
മെമ്പർ പ്രൊഫ. ആർ. ആർ. സി. നായരുടെ
നേതൃത്വത്തിൽ ധർണനടത്തി. കേരളാ പ്രൈവ
ററ് കോളേജ് എംപ്ലോയീസ് യൂണിയൻ,
കേരളാ പ്രൈവററ് കോളേജ് മിനിസ്റ്റീരിയൽ
സ്റ്റാഫ് ഫെഡറേഷൻ, വിവിധ വിദ്യാർത്ഥി
സംഘടനാ പ്രതിനിധികൾ എന്നിവർ എ.
കെ.പി.സി.ടി.എ. യുടെ ഈ ധർണയ്ക്ക്
പിൻതുണ നൽകി.

## ഏററവും കൂടുതൽ അംഗങ്ങൾ ചേർന്ന വർഷം

എ. കെ. പി സി. ടി. എ. യുടെ അംഗസംഖ്യ ഏററവുമധികം വർദ്ധിച്ച വർഷമാണിത്. സ്വാർത്ഥമോഹികളായ ചിലർ സംഘടന പിളർന്ന് മറെറാരു സംഘടന ഉണ്ടാക്കിയതിനുശേഷം ആദ്യമായിട്ടാണ് ആ പിളർപ്പിനുമുമ്പുള്ള അംഗസംഖ്യ സംഘടനയ്ക്കുണ്ടാകുന്നത്.

## ജോർജ്. എം. ഫിലിപ്പ് അന്തരിച്ചു

എ. കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകനായിരുന്ന പ്രൊഫ. ജോർജ് എം. ഫിലിപ്പ് ജനുവരി 4–ാം തീയതി മോട്ടോർ സൈക്കിൾ അപകടത്തിൽ അന്തരിച്ചു. കോഴഞ്ചേരി സെൻറ് തോമസ് കോളേജിലെ അധ്യാപകനായിരുന്നു പ്രൊഫ. ഫിലിപ്പ്.

ഫെബ്രുവരി 4-ന് ആരംഭിക്കുന്ന അനിശ്ചിതകാല പണിമുടക്കിന്റെ മുന്നോടിയായി വിവിധ ജില്ലകളിൽ നടന്ന കൺവൻഷന്റെ റിപ്പോർട്ടാണ് താഴെ കൊടുക്കുന്നത്. ചില ജില്ലകളിൽനിന്നും റിപ്പോർട്ട് സമയത്ത് ലഭിക്കാത്തതുകൊണ്ട് ഇവിടെ ചേർക്കാൻ കഴിഞ്ഞിട്ടില്ല.

—എഡിററർ

# സമരാവേശം നിറഞ്ഞുനിന്ന

## എറണാകുളം

എറണാകുളം ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നെത്തിയ ഇരുന്നൂറോളം അധ്യാപകർ പങ്കെടുത്ത വിപുലമായ കൺവൻഷനാണ് ഈ ജില്ലയിൽ നടന്നത്. കളമശ്ശേരി സെൻറ് പോൾസ് കോളേജിൽ വച്ചായിരുന്നു കൺവൻഷൻ. ഡിസംബർ 7—ാം തീയതി രാവിലെ പ്രതിനിധി സമ്മേളനം നടന്നു. ഇൻഡ്യൻ എക്സ്പ്രസ് ദിനപ്പത്രത്തിന്റെ മാനേജർ ശ്രീ. എ. എൻ. രാമചന്ദ്രനാണ് പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തത്. എ.കെ.ജി.സി.ടി. പ്രസിഡൻറ് പ്രൊഫ. കെ. രാമചന്ദ്രൻനായർ അധ്യക്ഷത വഹിച്ചു. കൊച്ചിൻ മേയർ ശ്രീ. ഇ. കെ. നാരായണൻ പ്രവർത്തകരെ അഭിസംബോധന ചെയ്തു. ഉച്ചകഴിഞ്ഞു നടന്ന ചർച്ചാസമ്മേളനത്തിൽ ശ്രീ. പി. എം. പ്രകാശ്, പ്രൊഫ. ടി. കെ. രാമകൃഷ്ണൻനായർ, പ്രൊഫ. ജെ. ടി. ആമ്പല്ലൂർ, പ്രൊഫ. കെ. കെ. രാമകൃഷ്ണൻ മുതലായവർ പങ്കെടുത്തു. പ്രൊഫ. എൻ. എം. ജോസഫ് ചർച്ചകൾക്ക് മറുപടി നൽകി. ശ്രീ. വി. പി. ജി. മാരാർ സ്വാഗതവും പ്രൊഫ. ആൻറിണി ഐസക് കൃതജ്ഞതയും പറഞ്ഞു.

## പാലക്കാട്

പാലക്കാട് ജില്ലാ കൺവൻഷൻ ഗവ: വിക്ടോറിയാ കോളേജിൽ വച്ചായിരുന്നു. പ്രൊഫ. പി. ഇ. ഡി. നമ്പൂതിരി അധ്യക്ഷത വഹിച്ചു. എ. കെ. ജി. സി. ടി. ജനറൽ സെക്രട്ടറി ടി. വി. ബാലനും എ. കെ. പി. സി. ടി. എ. സെക്രട്ടറി ടി. ആർ. ശശിധരനും ഫെബ്രുവരി 4 ന് ആരംഭിക്കുന്ന അനിശ്ചിതകാല പണിമുടക്കിനാധാരമായ പ്രശ്നങ്ങളെപ്പററി വിശദമായി സംസാരിച്ചു. യോഗത്തിൽ വനിതകളടക്കം ഇരുന്നൂറോളം അംഗങ്ങൾ പങ്കെടുത്തിരുന്നു. ജില്ലാകൺവീനർ ടി. എൻ. ആർ. പിള്ള സ്വാഗതവും ജോയിൻറ് കൺവീനർ സി. എ. നാരായണപ്പണിക്കർ കൃതജ്ഞതയും പറഞ്ഞു.

## കൊല്ലം

കൊല്ലം ശ്രീനാരായണാ കോളേജിൽ കൂടിയ ജില്ലാ പ്രവർത്തക കൺവൻഷനിൽ പ്രൊഫ. ആൻറണി ആയിരുന്നു അധ്യക്ഷൻ. നൂറോളം പ്രതിനിധികൾ പങ്കെടുത്തു.

കൺവൻഷനിൽ പങ്കെടുത്തവർക്ക് ജില്ലാ സെക്രട്ടറി ശബരീനാഥൻ സ്വാഗതം പറഞ്ഞു. അനിശ്ചിതകാല പണിമുടക്കിന്റെ പശ്ചാത്തലത്തെക്കുറിച്ച് അദ്ദേഹം വിശദമായി സംസാരിച്ചു. സമരത്തിന്റെ മുന്നോടിയായി നടത്തുന്ന ജീപ്പുജാഥകളും ജനുവരി 24—ന്റെ പ്രകടനവും വിജയപ്രദമാക്കാൻ ജില്ലാ സെക്രട്ടറി അഭ്യർത്ഥിച്ചു. യൂണിററുതലത്തിൽ അനധ്യാപക പ്രതിനിധികളെ

കൂടി ഉൾപ്പെടുത്തി സമരസഹായ സമിതികൾ രൂപീകരിക്കണമെന്നും സെക്രട്ടറി അഭ്യർത്ഥിച്ചു.

സംസ്ഥാന ട്രഷറർ പ്രൊഫസർ. എൻ. ഭാർഗവൻ സമരം വിജയപ്രദമാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചു സംസാരിച്ചു. കൊല്ലം ജില്ലയിലെ എല്ലാ കോളേജുകളിലും സമരം പൂർണ്ണ വിജയത്തിലെത്തിക്കാൻ എല്ലാവരും ഒത്തൊരുമിച്ചു പരിശ്രമിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. സംഘടനയുടെ പ്രധാന പ്രവർത്തകൻമാരിൽ ഒരാളായ എസ്. ശിവനും (എസ്. എൻ. കോളേജ്, കൊല്ലം) ജില്ലയിലെ കോളേജുകൾക്ക് ഈ സമരത്തിലുള്ള പങ്കിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദമായി സംസാരിച്ചു. തുടർന്ന് വിവിധ ബ്രാഞ്ചിന്റെ സെക്രട്ടറിമാർ സമര പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ അവതരിപ്പിച്ചു. കെ. ജയപാലൻ

ത്തിയവർക്ക് സ്വാഗതം പറഞ്ഞു. സംയുക്ത സമരസമിതി പ്രതിനിധികളായി പ്രൊഫ. ഇ. സി. ആൻറണിയും, പ്രൊഫ. ആർ. ആർ. സി. യും യോഗത്തിൽ സംബന്ധിച്ചിരുന്നു. സംസ്ഥാനത്തിൽ രണ്ട് ശമ്പളപരിഷ്കാരങ്ങൾക്കു ശേഷവും കോളേജധ്യാപകർക്ക് യു. ജി. സി. ശമ്പളനിരക്കുകൾ ആകർഷകം തന്നെയാണെന്ന് ഇ. സി. ആൻറിണി ഉദാഹരണം സഹിതം വിശദീകരിച്ചു. ഗവൺമെൻറ് കോളേജുകളിൽ പ്രിൻസിപ്പൽ നിയമനത്തിന് ഇന്ന് നിലവിലുള്ള മാനദണ്ഡങ്ങളുടെ അശാസ്ത്രീയതയെക്കുറിച്ചും ആൻറണി സംസാരിച്ചു. ആർ.ആർ.സി. തന്റെ സുദീർഘമായ പ്രസംഗത്തിലൂടെ, യു. ജി. സി. ശമ്പളനിരക്കുകൾ നേടിയെടുക്കുന്നതിന് വേണ്ടി നടത്തുന്ന സമരത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. പി. സി. ടി. എ. പോലുള്ള

# ജില്ലാ കൺവൻഷനുകൾ

(എസ്. എൻ. കോളേജ്. കൊല്ലം) എസ്. മുഹമ്മദ്കുഞ്ഞ് (ടി. കെ. എം. കോളേജ്, കിളികൊല്ലൂർ) എസ്. എസ്. ബി. ആർ. പ്രസാദ് (ഡി. ബി. കോളേജ്, ശാസ്താംകോട്ട), കെ. വിജയശങ്കർ (എൻ. എസ്. എസ്. നിലമേൽ) എ. ആൻറണി (ഫാത്തിമാ കോളേജ്, കൊല്ലം), കെ. പി. കുരിയാക്കോസ് (സെൻറ്തോമസ് കോളേജ്, റാന്നി) എന്നിവരാണ് റിപ്പോർട്ടുകൾ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചത്.

## തൃശൂർ

തൃശൂർ കൺവൻഷനിൽ ജില്ലാ പ്രസിഡൻറ് ശംഭുദേവൻ അധ്യക്ഷതവഹിച്ചു. ആക്ഷൻ കൗൺസിൽ കൺവീനർ എം. കെ. പത്മനാഭൻ കൺവൻഷനിൽ പങ്കെടുക്കാനെ

സഹോദരസംഘടനകൾ യു. ജി. സി. ശമ്പളനിരക്കുകളെക്കുറിച്ച് നടത്തുന്ന അപവാദപ്രചാരണങ്ങളുടെ പൊള്ളത്തരം അദ്ദേഹം തുറന്നുകാട്ടി. മുഴുവൻ അധ്യാപകരും സമരരംഗത്ത് വരണമെന്ന ഉൽബോധനത്തോടെയാണ് ആർ. ആർ. സി. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. തുടർന്ന് സംസാരിച്ച ഡോക്ടർ കെ. ജി. പ്രഭാകരൻ, ഇരു സംഘടനകളും സമരരംഗത്തു മാത്രമല്ല, അക്കാദമിക് തലത്തിലും ഒത്തൊരുമിച്ച് നീങ്ങേണ്ടത് അധ്യാപക സമൂഹത്തിന്റെ ആവശ്യമാണെന്ന് പറയുകയുണ്ടായി. വിവിധ കോളേജുകളിൽ നിന്നായി അമ്പത്തിരണ്ട് അധ്യാപകർ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ജോയിൻറ് കൺവീനർ ഉദയരാജൻ നന്ദിപറഞ്ഞു.

# ജില്ലാ സമരസമിതികൾ രൂപംകൊണ്ടു

## തിരുവനന്തപുരം

തിരുവനന്തപുരം ജില്ലാ കൺവൻഷൻ യൂണിവേഴ്സിററി കോളേജിൽ വച്ചാണ് നടന്നത്. എ. കെ. ജി. സി. ടി. പ്രവർത്തക സമിതി അംഗവും സെനററ് മെമ്പറുമായ ഡോ: മധുസൂദനൻ ആയിരുന്നു അധ്യക്ഷൻ. എ. കെ. പി. സി. ടി. എ. ജില്ലാസെക്രട്ടറി പ്രൊഫ. രവീന്ദ്രൻനായർ കൺവൻഷനിൽ പങ്കെടുക്കാനെത്തിയവർക്ക് സ്വാഗതം ആശംസിച്ചു. സമരസമിതി പ്രതിനിധികളായി എത്തിയ എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറി പ്രൊഫ. ജി. മാധവൻനായരും, എ. കെ. ജി. സി. ടി. പ്രവർത്തക സമിതി അംഗം പ്രൊഫ. പ്രഭാകരൻനായരും, സംഘടനകൾ പണിമുടക്ക് തീരുമാനമെടുക്കാനുള്ള കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് സംസാരിച്ചു. യു. ജി. സി. സ്കെയിൽ വിവിധ സംസ്ഥാനങ്ങളിൽ എങ്ങനെയൊക്കെ നടപ്പിലാക്കിയിരിക്കുന്നുവെന്നും, എന്തുകൊണ്ടാണ് കേരളത്തിൽ രണ്ട് ശമ്പളപരിഷ്കാരങ്ങൾക്ക് ശേഷവും നമ്മൾ യു. ജി. സി. സ്കെയിൽ ആവശ്യപ്പെടുന്നതെന്നും പ്രൊഫ. പ്രഭാകരൻനായർ വിശദീകരിച്ചു. യു. ജി. സി. സ്കെയിൽ തുടങ്ങിയ ആവശ്യങ്ങൾക്കായി നാളിതുവരെ നടത്തിയിട്ടുള്ള സമരങ്ങളുടെ പശ്ചാത്തലം വിശദീകരിച്ചുകൊണ്ടാണ് പ്രൊഫ. മാധവൻനായർ സംസാരിച്ചത്. അധ്യാപക - സർവ്വീസ് സംഘടനാ സംയുക്ത സമരസമിതിയുമായുള്ള ബന്ധം നിലനിർത്തിക്കൊണ്ടുതന്നെയാണ് നമ്മൾ സമരം നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ചർച്ചകളിൽ പരമേശ്വരൻനായർ (എസ്. എൻ. കോളേജ്, ചെമ്പഴന്തി) അപ്പുക്കുട്ടൻനായർ (ഗവ: ആർട്സ് കോളേജ്) ജോസഫ് മാത്യു (മാർ ഇവാനിയോസ്) പ്രഭാകരൻനായർ, ജഗന്നാഥൻ (എൻ. എസ്. എസ്. കോളേജ്, ധനുവച്ചപുരം) മാധവൻനായർ (സംസ്കൃത കോളേജ്) തുടങ്ങിയവർ പങ്കെടുത്തു.

## പാലക്കാട്

പാലക്കാട് ജില്ലയിലെ ഗവ: കോളേജുകളിലെയും പ്രൈവററ് കോളേജുകളിലേയും സംഘടനാ പ്രതിനിധികളുടെ ഒരു യോഗം നവ: 23–ാംതീയതി കൂടി ജില്ലാ ആക്ഷൻ കൗൺസിൽ രൂപീകരിച്ചു. യോഗത്തിൽ പ്രൊഫ. ജേക്കബ് മാത്യു (വിക്ടോറിയാ കോളേജ്) അദ്ധ്യക്ഷതവഹിച്ചു. ആക്ഷൻ കൗൺസിൽ കൺവീനറായി ടി. എൻ. ആർ. പിള്ളയും (എ.കെ.പി.സി.ടി.എ.) ജോയിൻറ് കൺവീനറായി സി. എ. നാരായണപ്പണിക്കരും (എ.കെ.ജി.സി.ടി.) തെരഞ്ഞെടുക്കപ്പെട്ടു.

## തൃശൂർ

തൃശൂർ ജില്ലയിലെ എ.കെ.ജി.സി.ടി – എ. കെ. പി. സി. ടി. എ. പ്രതിനിധികളുടെ യോഗം നവമ്പർ 25–ാംതീയതി ബിനി ടൂറിസ്ററ് ഹോമിൽ എ. കെ. പി. സി. ടി. എ. സെക്രട്ടറി തോളൂർ ശശിധരൻെറ അദ്ധ്യക്ഷതയിൽ കൂടി ആക്ഷൻ കൗൺസിലിനു രൂപംനൽകി. കൺവീനറായി എം. കെ. പത്മനാഭനും (എ.കെ.പി.സി.ടി.എ. ജില്ലാ സെക്രട്ടറി) ജോയിൻറ്കൺവീനറായി എൻ. ഉദയരാജനും (ഗവ: കോളേജ്. തൃശൂർ) തെരഞ്ഞെടുക്കപ്പെട്ടു. ഡോ: കെ. ജി. പ്രഭാകരൻ, പ്രൊഫ. കെ. എസ്. ശംഭുദേവൻ, എൻ. ആർ. വാസുദേവൻ, സി. എസ്. ദിവാകരൻ, ടി. വി. ജെയിംസ് എന്നിവരെ ആക്ഷൻ കൗൺസിൽ അംഗങ്ങളായും തെരഞ്ഞെടുത്തു.

## കൊല്ലം

കൊല്ലം ശ്രീനാരായണാ കോളേജിൽ ഡിസംബർ 7 ന് കൂടിയ പ്രവർത്തക കൺവെൻഷൻ, ജില്ലയിലെ സമരപരിപാടികൾക്ക് നേതൃത്വം നൽകുന്നതിനായി ആക്ഷൻ കൗൺസിൽ രൂപീകരിച്ചു. എ.കെ.പി.സി.ടി.എ

ജില്ലാസെക്രട്ടറി പ്രൊഫ. പി. ശബരീനാഥ നെ ആക്ഷൻ കൗൺസിൽ കൺവീനറായി തെരഞ്ഞെടുത്തു. ജോയിൻറ് കൺവീനറായി എസ്. ശിവനേയും (എസ്.എൻ. കോളേജ്, കൊല്ലം) തെരഞ്ഞെടുത്തു.

## ആലപ്പുഴ

ഡിസംബർ 7–ാം തീയതി എ. കെ. പി. സി.ടി.എ. ജില്ലാ കൗൺസിൽ, പ്രസിഡൻറ് കോശിതലയ്ക്കലിൻെറ അധ്യക്ഷതയിൽ കൂടി. കേരളാ യൂണിവേർസിററി സിൻഡിക്കേററ് മെമ്പർ പ്രൊഫ. ടി. ഗോപാലകൃഷ്ണനും, എ. കെ. ജി. സി. ടി. പ്രതിനിധി പ്രൊഫ. പി. എം. സെബാസ്ററ്യനും യോഗത്തിൽ പങ്കെടുത്തിരുന്നു. ഫെബ്രുവരി 4–ാം തീയതി ആരംഭിക്കുന്ന അനിശ്ചിതകാലപണിമുടക്കി ൻെറ പ്രാധാന്യം രണ്ടു പേരും യോഗത്തിൽ വിശദീകരിച്ചു.

ആലപ്പുഴ ജില്ലയിലെ സമരപ്രവർത്തന ങ്ങൾക്കു നേതൃത്വം നൽകുന്നതിനായി ജില്ലാ ആക്ഷൻ കൗൺസിൽ രൂപീകരിച്ചു. കൺ വീനറായി കോശിതലയ്ക്കലിനേയും ജോ യിൻറ് കൺവീനറായി എ. കെ. കൃഷ്ണൻ കുട്ടിയേയും തെരഞ്ഞെടുത്തു. ആക്ഷൻ കൗൺസിൽ അംഗങ്ങളായി ടി. ഗോപാലകൃ ഷ്ണൻ, സി. വി. നടരാജൻ, പി. എ സാധു ജൻ, കെ. സദാശിവൻനായർ, സി. ജി. കർ മ്മേന്ദ്രൻ, മാത്യു വർഗ്ഗീസ്, എ. പി. ജോർജ്, ഡോ. ശ്രീനിവാസൻ, എ. എസ്. രാമചന്ദ്രൻ, വി. ശങ്കരനുണ്ണി, ജേക്കബ്മാത്യു എന്നിവരേയും തെരഞ്ഞെടുത്തു.

## തൃശൂർ

ആക്ഷൻ കൗൺസിലിൻെറ എറണാകുളം ജില്ലാകമ്മിററി കൺവീനർ ശ്രീ. വി.പി.ജി. മാരാരാണ് (എ.കെ.പി.സി.ടി.എ. ജില്ലാ പ്രസിഡൻറ്, സെൻറ് ആൽബർട്സ് കോ ളേജ്). മഹാരാജാസ് കോളേജിലെ ശ്രീ. പി എം. സെബാസ്ററ്യനാണ് ജോയിൻറ് കൺവീനർ. പി. എൻ. പ്രകാശ്, ഇമ്മാനു വൽ കഡുഡോസ് (മഹാരാജാസ്), കെ.കെ രാമകൃഷ്ണൻ (എസ്. എൻ. എം. കോളേജ് മാല്യകര) വി. രാഘവൻപിള്ള (എസ്.എസ് കോളേജ്, കാലടി) കെ. പി. പൗലോസ് (എം. എ. കോളേജ്, കോതമംഗലം) എന്നി വർ കമ്മിററി അംഗങ്ങളായിരിക്കും.

## തിരുവനന്തപുരം

തിരുവനന്തപുരം ജില്ലാ സമരസമിതി കൺവീനർ എ. കെ. പി. സി. ടി. എ. ജില്ലാസെക്രട്ടറി പ്രൊഫ. രവീന്ദ്രൻനായരാ ണ്. എ. കെ. ജി. സി. ടി. പ്രവർത്തകസമി തി അംഗം പ്രൊഫ. പ്രഭാകരൻനായരാണ് ജോയിൻറ് കൺവീനർ. സുധാകരൻ (സെക്ര ട്ടറി, എ.കെ.ജി.സി.ടി) അപ്പുക്കുട്ടൻനായർ (എ. കെ. ജി. സി. ടി.) രാമൻപിള്ള (എ. കെ പി. സി. ടി. എ.) വർഗ്ഗീസ് (ജില്ലാ പ്ര സിഡൻറ്, എ. കെ. പി. സി. ടി. എ.) കുഞ്ഞുരാമൻനായർ (എ. കെ. പി. സി. ടി. എ.) എന്നിവരാണ് കമ്മിററി അംഗങ്ങൾ.

---

## പ്രകടനം രാവിലെ 9½ മണിക്ക് ആരംഭിയ്ക്കും

ജനുവരി 24–ാം തീയതി രാവിലെ കൃത്യം 9½ മണിക്ക് തിരുവനന്തപുരം മ്യൂസിയം ജംഗ്ഷനിൽ നിന്നും പ്രകടനം ആരംഭിയ്ക്കും. എല്ലാ അംഗങ്ങളും 9 മണിക്കുതന്നെ എത്തിച്ചേ രണമെന്ന് അഭ്യർത്ഥിക്കുന്നു.

—ജനറൽ സെക്രട്ടറി

## എ. കെ. പി. സി. ടി. എ. പ്രതിനിധികളുടെ ചോദ്യങ്ങൾക്ക് യൂണിവേർസിററി നൽകിയ മറുപടികൾ :

### ഡ്യൂട്ടിലീവ്

1979 ന് ശേഷം അഫിലിയേററഡ് കോളേജുകളിലെ അധ്യാപകർക്ക് കോൺഫറൻസുകളിലും സിമ്പോസിയങ്ങളിലും പങ്കെടുക്കുന്നതിന് സാമ്പത്തികസഹായം നൽകുന്നില്ലെന്നും എന്നാൽ അവർക്ക് ഡ്യൂട്ടി ലീവിനർഹതയുണ്ടെന്നും പ്രൊഫ. ജോർജ് മേനാച്ചേരിയെ അറിയിച്ചു.

### സ്ററുഡൻറ്സ് കൗൺസിൽ

സ്ററുഡൻസ് കൗൺസിലിൻെറ അവസാന യോഗം ചേർന്നത് 28-8-'79 നാണെന്ന് പ്രൊഫ. ടി അബ്ദുൽ അസീസിനെ അറിയിച്ചു. ഇത് കാലാകാലങ്ങളിൽ വിളിച്ചു കൂട്ടാമെന്ന് സിൻഡിക്കേററ് ഉറപ്പുനൽകി.

### ടി. എ., ഡി. എ.

1980 ഏപ്രിൽ—ജൂൺമാസങ്ങളിൽ നടന്ന കേന്ദ്രീകൃത പരിശോധനാ ക്യാമ്പുകളോടനുബന്ധിച്ച് ടി. എ., ഡി. എ. ഇനത്തിൽ യൂണിവേഴ്സിററി ജീവനക്കാർക്ക് 29377.05 രൂപ നൽകിയതായി പ്രൊഫ. എ. കെ. രാഘവൻനമ്പ്യാരെ അറിയിച്ചു.

### സ്ററാഫ്പാറേറൺ

യൂണിവേർസിററി നിശ്ചയിച്ച സ്റ്റാഫ് പാറേറൺ അനുസരിക്കാത്ത ഏതെങ്കിലും കോളേജുണ്ടോ എന്ന് അന്വേഷിച്ചുവരുന്നതായി പ്രൊഫ. പി. കെ. ടി. രാജയെ അറിയിച്ചു.

### ഷിഫ്ററ്

കാലിക്കററ് യൂണിവേർസിററിയുടെ പരിധിയിൽ വിമലാ കോളേജ്, തൃശൂർ, സെൻറ് മേരീസ് കോളേജ്, തൃശൂർ, സെൻറ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട എന്നീ മൂന്നു സ്വകാര്യകോളേജുകളിൽ മാത്രമേ പുതിയ ഷിഫ്ററ് സമയക്രമം നടപ്പിലാക്കാത്തതായിട്ടുള്ളൂവെന്നും അവിടെയും ഇത് നടപ്പിലാക്കുന്നതിന് യൂണിവേർസിററി വേണ്ട നടപടികളെടുത്തുകൊണ്ടിരിക്കുകയാണെന്നും ഡോ: പി. എസ്. പണിക്കരെ അറിയിച്ചു.

### പരീക്ഷ

2000 പേപ്പറിൽ കൂടുതലുള്ള വിഷയങ്ങൾക്ക് മാത്രമേ കേന്ദ്രീകൃത പരിശോധന ഏർപ്പെടുത്തിയിരുന്നുള്ളുവെന്ന് പ്രൊഫ. ടി. അബ്ദുൽ അസീസിനെ അറിയിച്ചു. പരീക്ഷപേപ്പർ നോക്കുന്നതിനും പ്രാക്ടിക്കൽ പരീക്ഷ—സൂപ്പർവിഷനുകൾക്കുമുള്ള വേതനം വർദ്ധിപ്പിക്കണമെന്ന അധ്യാപകരുടെ ആവശ്യം ഇൻറർ യൂണിവേർസിററി കൺസൾട്ടേററീവ് കമ്മററിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് പ്രൊഫ. കെ. സുകുമാരൻനായരെ അറിയിച്ചു.

### ആഴ്ചയിൽ ആറു ദിവസവും ജോലി

സെൻറ് മേരീസ് കോളേജ്, തൃശൂർ, വിമലാ കോളേജ്, തൃശൂർ എന്നീ പ്രൈവററ് കോളേജുകളിൽ എല്ലാ ശനിയാഴ്ചയും പ്രവർത്തി ദിവസമാക്കിക്കൊണ്ട് ജീവനക്കാരെ ആഴ്ചയിൽ 6 ദിവസവും ജോലിചെയ്യാൻ

കേ
യൂണിവേർ
സെനററ്യോ
ചോദ്യോത്തരങ്ങൾ - (

നിർബന്ധിക്കുന്നതായി യൂണിവേർസിററിക്ക് പരാതി ലഭിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണെന്നും ഡോ: പി. എസ്. പണിക്കരെ അറിയിച്ചു.

## പ്രിൻസിപ്പൽ

ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽമാർ ആഴ്ചയിൽ കുറഞ്ഞത് മൂന്നു മണിക്കൂറെങ്കിലും ക്ളാസ്സെടുത്തിരിക്കണമെന്ന് കാലിക്കററ് യൂണിവേർസിററി ഫസ്ററ് ഓർഡിനൻസ് അനുശാസിക്കുന്നുണ്ടെന്നും എന്നാൽ പി. ആർ. എൻ. എസ്. എസ്. കോളേജ് മട്ടന്നൂരിലെ പ്രിൻസിപ്പലിന് ആ കോളേജിൽ പഠിപ്പിക്കുന്നതിനുള്ള വിഷയമില്ലാത്തതായി യൂണിവേർസിററിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പ്രൊഫ. കെ. സുകുമാരൻനായരെ അറിയിച്ചു.

# ...ാട്
# വാർത്തകൾ
## ...സംബർ 11, 12
## അടിയന്തിരപ്രമേയങ്ങൾ

## ഗവേണിംഗ് ബോഡി / മാനേജിംഗ് കൗൺസിൽ

സർവകലാശാലനിയമത്തിലെ 52, 53 വകുപ്പുകളനുസരിച്ചുള്ള ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിൽ രൂപീകരിക്കാത്ത മാനേജുമെൻറുകളെപ്പററി അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതായി പ്രൊഫ കെ. സുകുമാരൻനായരെ അറിയിച്ചു.

# അടിയന്തിരപ്രമേയം

## സാമ്പത്തിക പ്രതിസന്ധി.

ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞിട്ടും ശൈശവദശയിൽ നിൽക്കുന്ന കാലിക്കട്ട് യൂണിവേഴ്സിററിയുടെ നിലനിൽപിന് അടിയന്തിരസാമ്പത്തിക സഹായം നൽകണമെന്ന് സംസ്ഥാന ഗവൺമെൻറിനോട് അഭ്യർത്ഥിയ്ക്കുന്ന അടിയന്തിരപ്രമേയം സഭ ഡിസംബർ11–ാംതീയതി അംഗീകരിച്ചു. കാലിക്കട്ട് യൂണിവേഴ്സിററിയോടുള്ള ഗവൺമെൻറിൻെറ സമീപനം നീതിപൂർവ്വകമല്ലെന്നും വളരെയേറെ വികസിച്ചിട്ടുള്ള കേരള യൂണിവേഴ്സിററിയേയും ഇപ്പോഴും ബാല്യദശ പിന്നിട്ടിട്ടില്ലാത്ത കാലിക്കട്ട് യൂണിവേഴ്സിററിയേയും ഗവൺമെൻറ് ഒരേപോലെ കാണരുതെന്നും അടിയന്തിരമായി യൂണിവേഴ്സിററിക്ക് സാമ്പത്തികസഹായം നൽകണമെന്നും യൂണിവേഴ്സിററിയുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക ബാധ്യതയ്ക്ക് അയവുവരുത്താൻ യൂണിവേഴ്സിററി ക്യാമ്പസ് ഉൾപ്പെടുന്ന പ്രദേശത്തെ ഒരു ടൗൺ ഷിപ്പാക്കിമാററണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു.

''അടിയന്തിര സഹായം ലഭിക്കുന്നില്ലെങ്കിൽ വിജ്ഞാനത്തിൻെറ ഈ കൈത്തിരി അണഞ്ഞുപോകും. പിച്ചവച്ചു നടക്കാനുള്ള സാമ്പത്തികസഹായം ഗവൺമെൻറു തരണം'' ചർച്ചകൾക്ക് മറുപടി പറഞ്ഞ സിൻഡിക്കേററ്മെമ്പർ പ്രൊഫ. ആർ. ആർ. സി. നായർ അഭിപ്രായപ്പെട്ടു. ''ഓരോവർഷവും ഗവൺമെൻറ് ഗ്രാൻറ് കുറഞ്ഞു വരുകയാണ്. യു. ജി. സി യിൽ നിന്നു പ്രതീക്ഷിച്ചതോതിൽ സഹായം കിട്ടുന്നില്ല. ജീവനക്കാർക്ക് ശമ്പളം കൊടുക്കുവാൻപോലും വിഷമിക്കുന്ന അവസ്ഥയാണുള്ളത്. കേന്ദ്രീകൃതവാലുവേഷൻമൂലം ഉദ്ദേശിക്കാത്ത അധികച്ചിലവുണ്ടായിട്ടുണ്ട്. കേരളാ യൂണിവേഴ്സിററിക്ക് കോടിക്കണക്കിന് നീക്കിയിരുപ്പുള്ളപ്പോൾ കാലിക്കററ് യൂണിവേഴ്സിററിക്ക് ഒററപൈസ നീക്കിയിരിപ്പില്ല. സിൻഡിക്കേററിൻെറ ഒരു നിവേദക സംഘം മുഖ്യമന്ത്രിയേയും വിദ്യാഭ്യാസമന്ത്രിയേയും കണ്ട് വി

വരം ധരിപ്പിച്ചിട്ടുണ്ട്''' എന്ന അദ്ദേഹം തുടർന്നുപറഞ്ഞു. അഡീഷണൽ ഗ്രാൻറായി 121.51 ലക്ഷം രൂപ ഗവൺമെൻറ് അടിയന്തിരമായി അനുവദിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

## സ്ഥലംമാററങ്ങൾക്ക് മാനദണ്ഡമുണ്ടാക്കുക

കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിലുള്ള നിരവധി കോളേജധ്യാപകരേയും അനധ്യാപകരേയും സ്ഥലംമാററിയതുമൂലം ശമ്പളം ലഭിക്കാതെ ബുദ്ധിമുട്ടുന്നതിൽനിന്നുളവാകുന്ന സ്ഥിതിവിശേഷം സെനററിന്റെ ഈ യോഗം ഇതര നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെടുന്ന അടിയന്തിര പ്രമേയം ഡിസംബർ 12–ാംതീയതി ഡോ: പി. എസ്. പണിക്കർ, പ്രൊഫ. കെ. സുകുമാരൻനായർ, എൻ. ശിവരാജൻ എന്നിവർ അവതരിപ്പിച്ചു.

എൻ. എസ്. എസ്. മാനേജുമെൻറ് ഈ വർഷം 250 ൽപ്പരം ജീവനക്കാരെ ഇരുപത്തഞ്ചോളം തവണയായി സ്ഥലംമാററിയിട്ടുണ്ടെന്നും ഇതിൽ ചിലത് ക്യാൻസൽ ചെയ്തിട്ടുണ്ടെന്നും സംഘടനാപ്രവർത്തകരേയും യൂണിവേഴ്സിററി സമിതികളിലേയും ലോക്കൽ ബോഡികളിലേയും അംഗങ്ങളായ അധ്യാപകരേയും വൈര്യനിര്യാതന ബുദ്ധിയോടെ യാതൊരു തത്വദീക്ഷയുമില്ലാതെ സ്ഥലംമാററിയിട്ടുണ്ടെന്നും അതിന്റെ ഫലമായി നൂറോളം ജീവനക്കാർ ശമ്പളംകിട്ടാതെ ബുദ്ധിമുട്ടുന്നുണ്ടെന്നും ഇതൊഴിവാക്കാൻ കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിലുള്ള ജീവനക്കാരെ സ്ഥലംമാററുന്നതിന് വ്യക്തമായ വ്യവസ്ഥകളുണ്ടാക്കണമെന്നും യൂണിവേർസിററി ആക്ടിലേയും സ്ററാററ്യൂട്ടുകളിലേയും വകുപ്പുകളും യൂണിവേർസിററി നിർദ്ദേശങ്ങളും നടപ്പിലാക്കുവാൻ വൈമുഖ്യം കാണിക്കുന്ന കോർപ്പറേററ് മാനേജുമെൻറുകൾക്ക് കോഴ്സുകളും കോളേജുകളും വാരിക്കോരി കൊടുക്കുന്ന ഏർപ്പാട് നിർത്തണമെന്നും ഡോ: പി. എസ്. പണിക്കർ അഭിപ്രായപ്പെട്ടു. ദമ്പതികളെ സ്ഥലംമാററി വേർപെടുത്തുക' എന്ന ക്രൂരവിനോദമാണ് എൻ. എസ്. എസ്. മാനേജുമെൻറ് നടത്തുന്നതെന്നും സ്ഥലംമാററങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും നടക്കുന്നതായി ആരോപണമുണ്ടെന്നും സ്ഥലംമാററങ്ങൾക്ക് വ്യവസ്ഥകൾ മാത്രംപോരാ അതു നടപ്പിലാക്കുന്നതിന് വേണ്ട സംവിധാനംകൂടി ഉണ്ടാക്കണമെന്നും സ്ഥലംമാററപ്പെടുന്ന അധ്യാപകർക്ക് ടി. എ. ലഭിക്കാൻ വേണ്ട ഏർപ്പാടും ഉണ്ടാക്കണമെന്നും പ്രൊഫ. കെ. സുകുമാരൻ നായർ പറഞ്ഞു. മറെറാരു പ്രമുഖ കോർപ്പറേററ് മാനേജുമെൻറായ എസ്. എൻ. ട്രസ്ററും വിവേചനപരമായി അധ്യാപകരെ സ്ഥലംമാററുന്നതായും ഇമ്മാതിരി സ്ഥലംമാററങ്ങൾമൂലം അധ്യാപകർക്കും അവരുടെ കുടുംബത്തിനും മാത്രമല്ല വിദ്യാർത്ഥികൾക്കും വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ടെന്നും ഇതിനൊരു പരിഹാരമുണ്ടാക്കണമെന്നും എൻ. ശിവരാജൻ ആവശ്യപ്പെട്ടു. കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിൽ ജോലിചെയ്യുന്ന ഈ അധ്യാപകരുടെ പരിദേവനും വർഷങ്ങളായി കേട്ടുവരുന്നതാണെന്നും ഇതിന് യൂണിവേർസിററിയും ഗവൺമെൻറും സത്വരനടപടികൾ കൈക്കൊള്ളണമെന്നും പ്രൊഫ. ജോർജ് മേനാച്ചേരി അഭ്യർത്ഥിച്ചു.

കേരളത്തിലെ പ്രൈവററ് മാനേജുമെൻറുകളുടെ പല അവകാശങ്ങളും നഷ്ടപ്പെട്ടിട്ടുള്ളത് അവർ ആ അവകാശങ്ങൾ ദുർവിനിയോഗം ചെയ്തതുകൊണ്ടാണെന്നും ഇനി അവർക്ക് കൈവശമുള്ള ഏക അവകാശം—സ്ഥലംമാററം—ദുർവിനിയോഗം ചെയ്യുകയാണെങ്കിൽ സമൂഹം അവർക്കെതിരായി നീങ്ങുമെന്നും അവർക്കതുകൂടി നഷ്ടപ്പെടുമെന്നും സിൻഡിക്കേററിനുവേണ്ടി മറുപടി പറഞ്ഞ പ്രൊഫ. വി. നാരായണൻകുട്ടി താക്കീതുചെയ്യുകയും ജീവനക്കാരുടെ സങ്കടം പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടികൾ കൈക്കൊള്ളുമെന്ന് ഉറപ്പുനൽകുകയും ചെയ്തു. അരമണിക്കൂർ നീണ്ടുനിന്ന ചർച്ച സഭ വളരെ ശ്രദ്ധയോടെ കേട്ടിരുന്നു. ഈ കാര്യത്തിൽ സഭയുടെ ഏക കണ്ഠമായ വികാരത്തെ യൂണിവേർസിററി മാനിക്കുമെന്നും കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിലുള്ള ജീവനക്കാരുടെ സ്ഥലംമാററങ്ങൾക്ക് വ്യക്തമായ വ്യവസ്ഥകളുണ്ടാക്കുമെന്നും അവ നടപ്പിലാക്കുന്നതിനു വേണ്ട സംവിധാനമുണ്ടാക്കുമെന്നും സഭയിൽ അധ്യക്ഷം വഹിച്ച വൈസ് ചാൻസലർ പ്രൊഫ: കെ. എ. ജലീലും സഭയ്ക്ക് ഉറപ്പ് നൽകി. □

## പ്രമേയങ്ങൾ

### സെമസ്ററർ സമ്പ്രദായം

ബിരുദാനന്തര കോഴ്സ് തലത്തിൽ അധ്യയന—പരീക്ഷകളിലെ സെമസ്ററർ സമ്പ്രദായമവസാനിപ്പിക്കണമെന്ന് ബന്ധപ്പെട്ട സർവ്വകലാശാല സമിതികളോടഭ്യർത്ഥിയ്ക്കണമെന്ന് ആവശ്യപ്പെടുന്ന ഡോ. പി. എസ്. പണിയ്ക്കരുടെ പ്രമേയത്തെപററി നടന്ന നീണ്ട ചൂടുപിടിച്ച ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് പ്രൊഫ. പി. കെ. ടി. രാജ, എൻ. ശിവരാജൻ, പ്രൊഫ. കെ. സുകുമാരൻനായർ, പി. ഗോപാലകൃഷ്ണൻനായർ, പ്രൊഫ. സി. കെ. നാരായണൻ, പ്രൊഫ. എ. കെ. രാഘവൻനമ്പ്യാർ, പ്രൊഫ. ജോർജ് മേനാച്ചേരി, പ്രൊഫ. ടി. അബ്ദുൽ അസീസ് തുടങ്ങിയവർ സംസാരിച്ചു. കാലിക്കററ് യൂണിവേഴ്സിററിയിലെ ഏതാനും ചില ഡിപ്പാർട്ടുമെൻറുകളിൽ (കേരള യൂണിവേഴ്സിററിയിൽ ഇല്ല. കോഴിക്കോട് യൂണിവേഴ്സിററിയിലെ അഫലിയേററഡ് കോളേജുകളിലുമില്ല) മാത്രമേ സെമസ്ററർ സമ്പ്രദായം നിലവിലുള്ളുവെന്നും ഒരേ ഡിഗ്രിക്ക് രണ്ടുതരം സിലബസ്സും രണ്ടുതരം പരീക്ഷകളും നടത്തുന്നത് വിവേചനമാണെന്നും സെമസ്റ്റർ സമ്പ്രദായത്തിൻെറ ആത്മാവ് ഇൻേറണൽ അസ്സസ്സ്മെൻറാണെന്നും ആത്മാവ് നഷ്ടപ്പെട്ട ജഡമാണെ് ഇപ്പോഠ നിലനിൽക്കുന്ന സെമസ്ററർ സമ്പ്രദായമെന്നും ഇത് നിലവിലുള്ള ഡിപ്പാർട്ട്മെൻറുകളിൽ പരീക്ഷകളിൽ വളരെ ക്രമക്കേടുകളും അഴിമതിയും നടക്കുന്നുണ്ടെന്നും വിദ്യാർത്ഥികഠക്ക് അക്കാദമിക്ക് സ്വാതന്ത്ര്യം ഇതുമൂലം നിഷേധിച്ചിരിക്കുകയാണെന്നും അതുകൊണ്ട് എത്രയും വേഗം ഇതവസാനിപ്പിക്കണമെന്നും അംഗങ്ങഠ ശക്തിയായി വാദിച്ചു. വളരെ ഉന്നത നിലവാരം പുലർത്തിയ ചർച്ചക്ക് വിരാമമിട്ടുകൊണ്ട്, ഈ പ്രമേയം അംഗീകരിക്കുന്നതായി സിൻഡിക്കേററിനു വേണ്ടി പ്രൊഫ. ആർ. ആർ. സി. നായർ സഭയെ അറിയിച്ചു. പ്രമേയം വോട്ടിനിട്ടപ്പോഠ മൂസ്സാ എ. ബേക്കർ മാത്രമേ എതിർത്ത് വോട്ടുചെയ്തുള്ളുവെന്നത് ഏവരിലും കൗതുകമുളവാക്കി.

### മലപ്പുറം ജില്ലയിൽ കോളേജുകഠ.

മലപ്പുറം ജില്ലയിൽ, പൊതുമേഖലയിൽ ഒരു ട്രെയിനിംഗ് കോളേജും വനിതാകോളേജും തുടങ്ങണമെന്ന പ്രൊഫ. ടി. അബ്ദുൽ അസീസ്സിൻെറ പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

### പ്രതിഫലം വർദ്ധിപ്പിക്കണം.

സർവ്വകലാശാല പരീക്ഷാജോലികഠ ചെയ്യുന്നവകയിൽ അധ്യാപകർക്കും അധ്യാപകേതര ജീവനക്കാർക്കും ഇന്ന് നൽകിവരുന്ന പ്രതിഫലം 50 ശതമാനമെങ്കിലും വർദ്ധിപ്പിക്കാനുള്ള നടപടികഠ കൈക്കൊള്ളണമെന്ന പ്രമേയചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രൊഫ. സി. കെ. നാരായണൻ, പ്രൊഫ. എ. കെ. രാഘവൻനമ്പ്യാർ, പി. ഗോപാലകൃഷ്ണൻ നായർ തുടങ്ങിയവർ സംസാരിച്ചു. പ്രമേയം ഐകകണ്ഠേന പാസ്സാക്കി.

### കമ്മിററികഠ

സെനററിൻെറ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് സെനററ് അംഗങ്ങളടങ്ങിയ ബിസിനസ്സ് അഡ്വയ്സറി കമ്മിററിയും അഷ്വറൻസ് കമ്മിററിയും രൂപീകരിക്കണമെന്നാവശ്യപ്പെടുന്ന ഡോ. പി. എസ്സ്. പണിക്കരുടെ പ്രമേയത്തെപ്പററിനടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രൊഫ. ഐ. ജി. ഭാസ്ക്കരപ്പണിക്കർ, പ്രൊഫ. സി. കെ. നാരായണൻ തുടങ്ങിയവർ സംസാരിച്ചു. പ്രമേയം സഭ അംഗീകരിച്ചു.

### മററുപ്രമേയങ്ങഠ

യൂണിവേഴ്സിററിയിൽ ഗ്രാജ്വേററായി രജിസ്ററർ ചെയ്യുന്നവർക്ക് ആജീവനാന്ത രജിസ്ട്രേഷൻ നൽകണമെന്നും, പോസ്ററ് ഗ്രാജ്വേററ് ഡിഗ്രിപരീക്ഷകഠക്കും റീവാലുവേഷൻ ഏർപ്പെടുത്തണമെന്നും ആവശ്യപ്പെടുന്ന ഔദ്യോഗിക പ്രമേയങ്ങളും സഭ അംഗീകരിച്ചു. പഞ്ചായത്തിലും മുനിസിപ്പാലിററിയിലും കോളേജുകഠ സ്ഥാപിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകളിൽ ചില ഭേദഗതിവരുത്തികൊണ്ടുള്ള പ്രമേയവും സഭ പാസ്സാക്കി.

---

കേരളാ യൂണിവേർസിററി വാർത്തകഠ അടുത്ത ലക്കത്തിൽ കൊടുക്കുന്നതാണ്.

---

# Higher Education needs Direction

**Navin Chandra Joshi**

Programmes of education lie at the base of efforts to forge bonds of common citizenship, to harness the energies of the people, and to develop the natural and human resources of every part of the country. It implies that any educational system must measure its vitality by how well it responds to the educational needs for the individual and the community. The objective of an educational system is to create an intellectual awareness in the economic and social growth of the country. Educational institutions are centres where the community seeks guidance for its own development. The community expects at least a commensurate return from its investment in higher education. In other words, investment in higher education demands higher contribution by the beneficiaries towards the total cost.

Education being a social investment, more should be spent on it if it brings about an increase in the rate of economic growth. Although even with chronic unemployment in the country, the social opportunity cost of education is not zero, yet we should not allow higher education in fields which are not related to the stage of our economic development. Wasting our scarce resources on fruitless explorations in the name of higher education is not only callous but also disastrous. Therefore more than the allocation of expenditure on education, it is important that education justifies itself on its economic return to the community.

According to a study conducted by the University Grants Commission for the period 1965-66 to 1975-76 on the imbalances in the development of higher education, the all-India average of the number of students going in for higher education was 20 per 1000 in the age-group 17-23 at the end of 1965-66. By the end of 1975-76, this figure went up to 35. Another fact revealed by the study is that during the decade, the number of graduate and postgraduate job-seekers increased at the rate of 27 per cent although the rate of increase in the number of graduates and postgraduates was odly 10.7 per cent during the same period. Further in 1975–76 the per capita budgeted expenditure on higher education ranged from Rs. 30.5 in the case of Nagaland to Rs. 1,939.2 in the case of Kerala. The per capita budgeted expenditure of big States like Gujarat,

Maharashtra and Uttar Pradesh was less than Rs. 500 on higher education although the revenue earned in these States was much higher.

It is necessary to devise methods for measuring the cost of education and its return to the individual concerned and to the community as well. By and large, higher education increases one's expectations for higher earnings. It is also true that earnings at different levels are not solely the result of formal education. They reflect factors like training, experience, ability, intelligance and so on. But then, today in this country we are having that kind of university education which does not give jobs to 85 per cent of people who have the highest degrees. At the same time, it is also worth noting that the principal beneficiaries of higher education are the elite, upper middle and middle classes while its cost is borne by the poor taxpayer. The Government has to incur about Rs. 1,000 a year to educate a university graduate in general education. Education accounts for almost a third of the government's social services expenditure in India.

Investment that goes to create a literate and disciplined labour force out of illiterates may yield a much larger productivity than what may be available from a university degree-holder. By the same token, it would be a more sensible planning, if the present trend for locating universities in urban areas is halted and rural universities, whose pattern has been set out in the Report of the University Education Commission, be established. They should not only be located in rural areas but their education should centre round rural problems and for teaching in them, the services of top cadres in rural development should be availed of. What is needed in higher education is not more money for education but strong action to end all subsidy for education in urban areas in order to divert it to the 'grass-root' education in rural areas where the return on educational expenditure is extremely high.

The whole philosophy of education shoul emphasise the training of independent and self-contained individuals who could face the problems of life and of the society they live in. The process of learning and doing must be effectively combined as part of the university curriculum. Every faculty member and educational administrator has to dedicate himself to the cause of higher education with a sense of commitment for national development. It is necessary to link education with real life and productivity through introducing work–experience as an integral part of education and vocationalising education after tenth class. It will be useful if vocational courses in arts, commerce, agriculture, science, medicine etc., are introduced so as to be terminal in character for gainful employment afterwards. This will divert about 50 per cent of students to these courses so as to reduce pressure on colleges.

The disturbing gap between professional and general education needs to be bridged. General education and special skills should be developed in response to specific and urgent needs of both urban and rural areas. Special attention needs to be given to the underprivileged people who desire to enter the mainstream of our country's economic and social life.

(The Hindu)

# യു. ജി. സി. ശമ്പളനിരക്കുകൾ വിവിധ സംസ്ഥാനങ്ങളിൽ

പി. എം. സെബാസ്റ്റ്യൻ

കോളേജ്–സർവ്വകലാശാലാ അധ്യാപകർക്ക് മററു ജീവനക്കാരെ അപേക്ഷിച്ച് താരതമ്യേന ഉയർന്ന വേതനനിരക്കുകൾ നിർദ്ദേശിക്കുന്നതിന് സർവ്വകലാശാല ധനസഹായ കമ്മീഷനെ പ്രേരിപ്പിച്ചത് തികഞ്ഞ യാഥാർത്ഥ്യബോധമാണ്. രാഷ്ട്രപുരോഗതിക്ക് ഉന്നതവിദ്യാഭ്യാസനിലവാരം ഉയരേണ്ടതുണ്ട്; അതുണ്ടാവണമെങ്കിൽ ഉയർന്നയോഗ്യതകളുള്ള, ഗവേഷണോൽസുകരായ അധ്യാപകരുണ്ടാവണം. അത്തരം അധ്യാപകരെ സ്ഥിരമായി നിലനിർത്തുന്നതിന് അവർക്കുമാന്യമായ വേതനനിരക്കുകൾ ഉറപ്പുവരുത്തിയേ തീരൂ–ഈ സത്യം കമ്മീഷൻ മനസ്സിലാക്കി. ഇതിനെത്തുടർന്നാണ്, വിദ്യാഭ്യാസരംഗത്തുനിന്നുള്ള മസ്തിഷ്കച്ചോർച്ച അവസാനിപ്പിക്കുകയും പ്രഗത്ഭമതികളെ അങ്ങോട്ടാകർഷിക്കുകയും ചെയ്യാനുള്ള ഒരു ദീർഘകാലപരിപാടിയുടെ ഭാഗമായി യു. ജി. സി. ശമ്പളനിരക്കുകളും അവയോടു ബന്ധപ്പെട്ട സേവനവ്യവസ്ഥകളും ആവിഷ്കരിക്കപ്പെട്ടത്.

നിലവാരപോഷണത്തിനുള്ള ഈ ''പാക്കേജ് ഡീലി''ൽ ശമ്പളക്കാര്യത്തോടൊപ്പം വിദ്യാഭ്യാസയോഗ്യതകളും നിഷ്ക്കർഷിക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള അധ്യാപകരെ കൂടുതൽ പരീക്ഷകൾ പാസാവുക എന്ന ബുദ്ധിമുട്ടിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഇനി നിയമിക്കപ്പെടുന്നവർക്ക് ഒരു ഗവേഷണ ബിരുദം–ഒരു എം. ഫി. ൽ ഡിഗ്രിയെങ്കില്യും–കൂടിയേ തീരൂ. അതില്ലാതെ നിയമിക്കപ്പെടുന്നവർ ജോലികിട്ടി അഞ്ചു വർഷത്തിനകം ബിരുദമെടുക്കണം. അധ്യാപകർക്ക് കൂടുതൽ പഠന–ഗവേഷണ സൗകര്യങ്ങളുണ്ടാക്കുവാൻ യു. ജി. സി. പല പദ്ധതികളുമാവിഷ്ക്കരിച്ചിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്.

ഉന്നതവിദ്യാഭ്യാസരംഗം നന്നാവണമെന്നാഗ്രഹമുള്ള കേന്ദ്രസർക്കാരും കേരളമൊഴികെയുള്ള സംസ്ഥാന സർക്കാരുകളും യു. ജി. സി. നിരക്കുകൾ അതേപടിയോ അൽപസ്വൽപം ഭേദഗതികൾവരുത്തിയോ ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞു. വിവിധ സംസ്ഥാനങ്ങളിൽ ഈ നിരകൾ എങ്ങിനെ സ്വീകരിക്കപ്പെട്ടുവെന്നത് താഴെ ഉദ്ധരിക്കുന്ന കണക്കുകളിൽനിന്ന് വ്യക്തമാകും.

## ഗുജറാത്ത്

**യൂണിവേഴ്സിററികൾ**

| | |
|---|---|
| ലക്ചറർ | 700–40–1100–50–1300 Ass–50–1600 |
| റീഡർ | 1200–50–1300–60–1600 Ass–60–1900 |
| പ്രൊഫസർ | 1500–60–1800–100–2000–125/2–2500 |

**കോളേജുകൾ**

| | |
|---|---|
| ലക്ചറർ | 700–40–1100–50–1300 Ass–50–1600 |
| പ്രിൻസിപ്പൽ | 1) 1200–50–1300–60–1600 Ass–60–1900 |
| | 2) 1500–60–1800 Ass–100–2200 |

(10% of principals of the State)

1-1-73 വരെയുള്ള D.A. ശമ്പളത്തിൽ ലയിപ്പിച്ചാണ് നിരക്കുകൾ ഉണ്ടാക്കിയിരിക്കുന്നത്. പിന്നീട് ലഭിച്ചിട്ടുള്ള D.Aയും, H.R.A., C.C.A. എന്നീ അലവൻസുകളും എല്ലാവർക്കും ലഭിക്കുവാൻ അർഹതയുണ്ട്. 1-1-73 മുതലുള്ള കുടിശ്ശിക കൊടുത്തുകഴിഞ്ഞു. ശമ്പളനിരക്കുകൾ 23-11-76 ലാണ് പ്രഖ്യാപിച്ചതെന്നോർക്കണം. M. Phil, Ph.D. വ്യവസ്ഥകൾ ഇപ്പോഴുള്ളവർക്ക് ബാധകമല്ല. 1977 ഒക്ടോബർ മുതൽ പരീക്ഷാജോലിക്ക് പ്രതിഫലം കൊടുത്തു തുടങ്ങി. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള പരസ്യപ്പെടുത്തലിനുശേഷം യോഗ്യതാടിസ്ഥാനത്തിലാണ് നിയമനം. റിട്ടയർമെൻറ് 60 വയസ്സിലാണ്. Rs. 1300 ലുള്ള Assessment ഗവൺമെൻറ് നിയോഗിക്കുന്ന ഒരു കമ്മിററിയാണ് നടത്തുന്നത്.

## മഹാരാഷ്ട്ര

1975-ലാണ് U.G.C. നിരക്കുകൾ മഹാരാഷ്ട്രയിൽ നടപ്പിലാക്കിക്കൊണ്ടുള്ള കൽപന വന്നത്. അതിൽ അധ്യാപകർക്ക് പ്രതികൂലമായ വ്യവസ്ഥകളുണ്ടായിരുന്നു. തുടർന്ന് ശക്തമായ ഒരധ്യാപകപ്രക്ഷോഭമുണ്ടായി. ഹൈക്കോടതിയും ഒരു ഘട്ടത്തിൽ പ്രശ്നത്തിലിടപെട്ടു. എല്ലാം കഴിഞ്ഞ് അംഗീകരിക്കപ്പെട്ട നിരക്കുകൾ ഇവയാണ്.

കോളേജുകൾ

| | |
|---|---|
| പ്രിൻസിപ്പൽ | 1500-60-1800-100-2000-125/2-2500 |
| | (for colleges having strength above 1000) |
| പ്രിൻസിപ്പൽ | 1200-50--1300-60-1900 |
| ലക്ചറർ | 700-40-1200-50-1300 Ass 50-1600 |

യൂണിവേഴ്സിററികൾ

| | |
|---|---|
| പ്രൊഫസർ. | 1500-60-1800-100-2000-125/2-2500 |
| റീഡർ | 1250-50-1300-60-1900 |
| ലക്ചറർ | 700-40-1100-50-1600 |

4-10-75നു ശേഷം നിയമിക്കപ്പെട്ടവർക്കേ M.Phil വേണ്ടൂ. അവർ 5 വർഷത്തിനുള്ളിൽ MPhil നേടിയില്ലെങ്കിൽ പിന്നീടുള്ള ഇൻക്രിമെൻറുകൾ കിട്ടുന്നതല്ല. Rs 1300 ലുള്ള Assessment എങ്ങിനെയാണെന്ന് വ്യാക്തമാക്കിയിട്ടില്ല. സർവ്വകലാശാലാ പരീക്ഷാജോലികൾക്കുള്ള പ്രതിഫലം തുടരുന്നു. H R A, സിററികോമ്പൻസേററി അലവൻസുകളുമുണ്ട്.

## തമിഴ്നാട്

18-2-77 ലാണ് U.G.C. നിരക്കുകൾ നടപ്പിലാക്കിക്കൊണ്ടുള്ള കല്പന പുറപ്പെടുവിച്ചത്. ശമ്പള നിരക്കുകൾ 1-4-76 മുതൽ ബാധകമാക്കിയെങ്കിലും 1-4-77 മുതലുള്ള കുടിശ്ശിക കൊടുക്കാനായിരുന്നു ആദ്യതീരുമാനം. ഇതിനെ ഒരു സമരത്തിലൂടെയാണ് അധ്യാപകർ നേരിട്ടത്. സ്ത്രീകളുൾപ്പടെ 1500 അധ്യാപകർ അറസ്ററു വരിച്ചു ജയിലിൽ പോകുകവരെ ചെയ്തു. ഇതിൻെറ ഫലമായി സർക്കാർ തങ്ങളുടെ നിലപാടു മാററുകയും ശമ്പളനിരക്കുകൾക്ക് 1-1-74 മുതലും കുടിശികക്ക് 1-1-77 മുതലും പൂർവ്വകാലപ്രാബല്യം കൊടുക്കാൻ തയ്യാറാവുകയും ചെയ്തു.

| | |
|---|---|
| ലക്ചറർ, അസി. പ്രൊഫസർ | 700-1600 |
| P.G. പ്രൊഫസർ | 1200-1900 |
| പ്രിൻസിപ്പൽ, പ്രസിഡൻഡി കോളേജ് | 1500-2500 |

മററു പ്രിൻസിപ്പൽമാർക്കും, വകുപ്പധ്യക്ഷൻമാർക്കും 100 ക ചാർജ്ജ് അലവൻസായി ലഭിക്കും. സംസ്ഥാന ഗവൺമെൻറിൻെറ റിസർവേഷൻ സംവിധാനം നില നിർത്തി ക്കൊണ്ടാണ് നിയമനങ്ങൾ നടത്തുക. 1-1-74 വരെയുള്ള D.A. ശമ്പളത്തിൽ ലയിപ്പിക്കുകയും 6 വർഷത്തെ സർവ്വീസിന് ഒന്ന്, 11 വർഷത്തിന് രണ്ട്, 16 വർഷത്തിന് മൂന്ന് എന്നി ങ്ങനെ ഇംക്രിമെൻറുകളും നൽകിക്കൊണ്ടാണ് ഫിക്സേഷൻ നടത്തുന്നത്. കൂടാതെ പിൽകാലത്തുണ്ടാകുന്ന D.A വർദ്ധനവും H. R. A., C. C. A. എന്നീ അലവൻസുകളും ലഭിക്കും. Assessment എന്ന ഘട്ടമേ ഇല്ല. M. phil വേണമെന്നുള്ള നിബന്ധന പുതി യ നിയമനം വാങ്ങിയവരെ മാത്രമേ ബാധിക്കയുള്ളൂ. പരീക്ഷാപ്രതിഫലം തുടർന്നു നൽകുമെന്ന് ഗവൺമെൻറ് വ്യക്തമാക്കിയിട്ടുണ്ട്.

## ഉത്തർപ്രദേശ്

അഫിലിയേററഡ് കോളേജുകളിലും യൂണിവേഴ്സിററികളിലും 1-1-73 ന് നില വിൽ വരത്തക്ക വിധമാണ് U.G.C. നിരക്കുകൾ നടപ്പിലാക്കിയത്. കേന്ദ്രനിരക്കിലുള്ള ക്ഷാമബത്തയുമുണ്ട്. Rs. 1300 ലുള്ള Assessment എങ്ങിനെവേണമെന്ന് തീരുമാനി ച്ചിട്ടില്ല. അവരവരുടെ സ്ഥാപനത്തിന് പുറത്ത് നടക്കുന്ന ഏതു പരീക്ഷയ്ക്കും പ്രതി ഫലം കിട്ടും. നിലവിലുള്ളവർക്ക് M. Phil വേണ്ട. പുതിയ നിയമനക്കാർക്ക് വേണം.

## കർണ്ണാടകം

കർണ്ണാടകത്തിൽ നിലവിലിരിക്കുന്നത് അവിടത്തെ ശമ്പളക്കമ്മീഷൻ നിരക്കുകൾ ആണ്. കർണ്ണാടക സംസ്ഥാനത്ത് പ്രത്യേകം D.A ഇല്ല യു. ജി. സി. നിരക്കുകളേക്കാൾ മെച്ചപ്പെട്ട ശമ്പളസ്കെയിലുകളാണുള്ളതെന്നതുകൊണ്ട് അധ്യാപകർ യു. ജി. സി. നിര ക്കുകളാവശ്യപ്പെടുന്നില്ല. ഉദാഹരണത്തിന് U.G.C നിരക്കുകൾ നടപ്പിലുള്ള കർണ്ണാട കത്തിലെ യൂണിവേഴ്സിററികളിൽ നിയമനം ലഭിക്കുന്നവരെക്കാൾ കൂടുതൽ ശമ്പളം പ്രൈവററ് കോളേജുകളിൽ നിയമനം ലഭിക്കുന്നവർക്ക് (890/) ലഭിക്കും. S.C /S.T. reservation ഉണ്ട്. പരീക്ഷാജോലിക്ക് എല്ലാവർക്കും പ്രതിഫലം ലഭിക്കും.

| | |
|---|---|
| ലക്ചറർ | 750–50–1000–60–1300-75-1525 |
| റീഡർ | 900-50-1000-60–1300-75-1750 |
| പ്രൊഫസർ | 1000–60–1300–75-1825 |

സ്റ്റാഫ് പാറേറൺ 1:3:12 എന്നാണ്. അതുകൊണ്ട് മിക്കവരും മൂന്നു നിരക്കുകളും വാങ്ങുമെന്ന് തീർച്ചയാണ്. പ്രത്യേക യോഗ്യതകൾ ആവശ്യമില്ല. 14 % വരെയുള്ള C.C.A., Rs. 50 വരെവരുന്ന Hardship allowance എന്നിവയിലേതെങ്കിലും ഒന്നുകിട്ടും. ലക്ചറർമാരുടെ ശമ്പളം 800-1600 ആയി ഒരിക്കൽകൂടി പുതുക്കിയിട്ടുമുണ്ട്.

## രാജസ്ഥാൻ

| | |
|---|---|
| ലക്ചറർ | 700-40-1100-50-1300-Ass-50-1600 |
| പ്രിൻസിപ്പൽ )<br>വൈസ് (പ്രിൻസിപ്പൽ) | 1200-50-1300-60-1900 |
| പ്രിൻസിപ്പൽ | 1500-2500 |

5–4–1978 ൽ ആണ് U. G. C. ശമ്പളനിരക്കുകൾ രാജസ്ഥാനിലെ പ്രൈവററ് കോളേജുകളിലും നടപ്പിലാക്കിക്കൊണ്ടുള്ള കല്പന പുറപ്പെടുവിച്ചത്. 1–1–73 മുതൽ ഫിക്സേഷൻ കിട്ടും. പക്ഷെ സാമ്പത്തികലാഭം 1-4-76 മുതൽ മാത്രമേ ലഭിക്കയുള്ളു. ലക്ചറർ, സീനിയർ ലക്ചറർ, പ്രൊഫസർ എന്നീ തസ്തികകളിലുണ്ടായിരുന്നവർക്ക് 700-1600 എന്ന നിരക്കാണ് കൊടുത്തിരിക്കുന്നത്. കേന്ദ്ര നിരക്കിൽ കൊടുത്തുവരുന്ന

സംസ്ഥാന D.A. എല്ലാവർക്കും ലഭിക്കും. 1300 ലുള്ള Assessment എങ്ങിനെ നടത്തുമെന്ന് വ്യക്തമാക്കിയിട്ടില്ല. പുതിയ നിയമനക്കാർ 5 വർഷം തികയുന്നതിനുമുമ്പ് M. Phil എടുത്തില്ലെങ്കിൽ തുടർന്നുള്ള വാർഷിക ഇൻക്രിമെൻറുകൾ ലഭിക്കുന്നതല്ല. പരീക്ഷാപ്രതിഫലം എല്ലാവർക്കും കിട്ടും. 1-9-76 മുതലുള്ള ശമ്പളക്കുടിശ്ശിക അനുവദിച്ചു. പ്രിൻസിപ്പൽമാർക്കുള്ള 1500-2500 എന്ന നിരക്ക് തിരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്കുമാത്രം ബാധകമാണ്.

## ഒറീസ്സ

U.G.C. ശമ്പളനിരക്കുകൾ നടപ്പിലാക്കിക്കൊണ്ടുള്ള കല്പന 1.1.74 മുതലാണ് നടപ്പിലാക്കിയത്.

ലക്ചറർ 700-40-1100-50-1300 Ass 1600
പ്രിൻസിപ്പൽ 1200-50-1300-50–1900
(under–graduate colleges)
പ്രിൻസിപ്പൽ 1000–60–1800-100-2000-125/2-2500
(graduate colleges)
പ്രൊഫസർ 1500-2500
existing hands only

1-1-74 വരെയുള്ള D.A., D.P., Interim Relief എന്നിവ ലയിപ്പിച്ചാണ് ശമ്പളസ്കെയിൽ കൊടുത്തിരിക്കുന്നത്. പരീക്ഷക്ക് തൽക്കാലം പ്രത്യേക പ്രതിഫലമില്ല.

## ബീഹാർ

**കോളേജുകൾ**

പ്രിൻസിപ്പൽ (1) 1500-2500
(2) 1200-1900
പ്രൊഫസർ)
റീഡർ ) 700-40–1100-50-1300 Ass 50-1600
ലക്ചറർ )

ഫിക്സേഷൻ 1–4–'73 മുതൽ കൊടുക്കും. 1–4–75 മുതലുള്ള കുടിശിക മാത്രമേ കൊടുക്കുകയുള്ളു. കേന്ദ്രനിരക്കിൽ കൊടുത്തുവരുന്ന സംസ്ഥാന D.A. കിട്ടും. അതാതു സ്ഥാപനങ്ങളിൽ നടത്തുന്ന പരീക്ഷയെ സംബന്ധിച്ച ജോലിക്കു മാത്രമെ പ്രതിഫലം ലഭിക്കാതുള്ളു. 1300 ലുള്ള assessment ഒരു കമ്മിററിയാണ് നടത്തുക. ഭാവിയിൽ നിയമനം ലഭിക്കുന്നവർക്കുമാത്രമേ M.Phil വേണമെന്നുള്ള നിബന്ധന ബാധകമാവുകയുള്ളു.

## ആന്ധ്രാ

1–4–75 മുതൽ യൂണിവേഴ്സിററികളിലും 1–4-76 മുതൽ കോളേജുകളിലും U.G.C. ശമ്പളനിരക്കുകൾ ബാധകമാക്കി. സ്കെയിൽ നടപ്പിലാക്കുന്ന തീയതിയിൽ അഞ്ചുവർഷം സർവ്വീസുള്ളവരൊഴികെ എല്ലാവരും അന്നുമുതൽ 5 വർഷത്തിനകം M.Phil പാസ്സാവണം. ഇവർ യു. ജി. സി. സ്കെയിലുകൾക്കർഹരാണോ എന്നറിയാനുള്ള ഒരു screening നടത്താനും സർക്കാരിനവകാശമുണ്ട്.

## മണിപ്പൂർ

ലക്ചറർ 700--1300 Ass 1600
പ്രിൻസിപ്പൽ 1200-50-1300–60–1900

1-1-73 മുതൽ നടപ്പിലാക്കിയിരിക്കുന്നു. അന്നുമുതൽ അനുവദിച്ചിട്ടുള്ള D.A. കല്പന 1-9-75 ലാണ് പുറപ്പെടുവിച്ചത്. ഭാവി നിയമനക്കാർക്കുമാത്രമെ കിട്ടും. U.G.C. നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകൾ ആവശ്യമുള്ളു. ആദ്യവർഷത്തെ കുടിശ്ശിക P.F ലും രണ്ടാം വർഷത്തേത് C.D.S ലും ലയിപ്പിക്കുകയാണ് ഉണ്ടായത്.

## പോണ്ടിച്ചേരി

പ്രിൻസിപ്പൽ 1200–50–1300–60–1900

ലക്ചറർ, അസി. പ്രൊഫർ, പ്രൊഫസർ 700–1300–Ass-1900 സ്കെയിലുകൾ നടപ്പിൽവരുത്തിയത് 1–1–76 മുതലാണ്. സാമ്പത്തികമെച്ചം 1-1–77 മുതൽക്കു മാത്രമേ കൊടുത്തുള്ളു.

## പശ്ചിമബംഗാൾ

1-1-73 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധമാണ് ബംഗാൾ ഗവൺമെൻറ് U G.C. നിരക്കുകൾ നടപ്പിലാക്കിയിരിക്കുന്നത്.

യൂണിവേഴ്സിററികൾ

| | | |
|---|---|---|
| ലക്ചറർ | Rs. | 700–40—1100–50–1300–50–1600 |
| റീഡർ | Rs. | 1200–50—1300–60–1900 |
| പ്രൊഫസർ | Rs. | 1500—2500 |

കോളേജുകൾ

| | | |
|---|---|---|
| ലക്ചറർ | Rs. | 700-40–1100–50–1300–Ass–50–1600 |
| പ്രിൻസിപ്പൽ | (1) | 1200-50-1300–60–1900 |
| | (2) | 1300-60-1800-100-2000-125/2-2500 |

1-1-73 ൽ കൊടുത്തിരുന്ന D. A. അടിസ്ഥാനശമ്പളത്തിൽ ലയിപ്പിച്ചാണ് ശമ്പള സ്കെയിൽ ഉണ്ടാക്കിയിട്ടുള്ളത്. ഭാവിയിൽ D. A. കൊടുക്കുന്നതിൽ മോറട്ടോറിയം പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ 1976ൽ നടത്തിയ തുടർച്ചയായ പ്രക്ഷോഭണങ്ങൾ മൂലം ബംഗാളിൽ 1977 ൽ വന്ന ഇടതുപക്ഷ സർക്കാർ പ്രൈവററ് കോളേജുകളില്ല, അല്പം ഉയർന്ന തോതിൽ ഗവൺമെൻറ് കോളേജുകളിലും D. A. കൊടുത്തുതുടങ്ങി. ശമ്പളനിരക്കുകൾ, 50% മാർക്കു വാങ്ങി പാസ്സായിട്ടുള്ള എല്ലാ MA/MSc. ക്കാർക്കും ബാധകമാണ്. 25-5-75 ന് മുമ്പ് സർവീസിൽ വന്നിട്ടുള്ളവർക്ക് M.Phil നിബന്ധന ഇല്ല. ആദ്യം നിരക്കുകൾ നടപ്പിലാക്കിയപ്പോൾ പരീക്ഷാപ്രതിഫലം നിഷേധിച്ചുവെങ്കിലും പുതിയ ഗവൺമെൻറ് ഈ ആനുകൂല്യം തുടർന്നനുവദിച്ചു. 1300 ൽ ഉള്ള Assessment വേണ്ടെന്നുവയ്ക്കണമെന്ന ആവശ്യം ഇതേവരെ അംഗീകരിക്കപ്പെട്ടിട്ടില്ല.

മററു സംസ്ഥാനങ്ങൾ

1-1-73 മുതൽ നടപ്പിൽ വരത്തക്കവിധമാണ് നടപ്പാക്കിയിരിക്കുന്നത്. കാഷ്മീർ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾകൂടി യു.ജി.സി. സ്കെയിലുകൾ നടപ്പാക്കിയതോടെ കേരളമൊഴികെയുള്ള എല്ലാ സംസ്ഥാനങ്ങളും ഈ നിരക്കുകളംഗീകരിച്ചു കഴിഞ്ഞു. മറെറാരു വിധത്തിൽ പറഞ്ഞാൽ കേരളത്തെ മാററി നിർത്തിയാൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ഒരു ദേശീയവേതന രീതി നടപ്പിലായിരിക്കുന്നു.

('സംഘം' എ. കെ. ജി. സി. ടി. പ്രസിദ്ധീകരണം)

## വിദ്യാഭ്യാസ ഡയറക്ടറുമായി ചർച്ച

കോളേജ് വിദ്യാഭ്യാസഡയറക്ടറും സംഘടനാ പ്രതിനിധികളുമായി ഡിസ: 16–ന് ചർച്ചനടന്നു. ശമ്പളബില്ലുകളും മററും പാസ്സാക്കുന്നതിൽ ഇന്നുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് തീരുമാനമുണ്ടായി. പ്രതിമാസ ശമ്പളബില്ലുകൾ ഓഫിസുകളിൽ കിട്ടി അഞ്ചു ദിവസത്തിനകം പാസാക്കുവാനും സപ്ളിമെൻററി ബില്ലുകൾ അതാത് മാസത്തെ മെയിൻ ബില്ലുകളോടൊപ്പം പാസാക്കുവാനും തീരുമാനിച്ചു. 1978–ലെ ശമ്പളപരിഷ്ക്കരണം സംബന്ധിച്ച കുടിശികബില്ലുകൾ '81 ജനുവരി 31 ന് അകം പാസാക്കിക്കൊടുക്കുന്നതാണെന്നും ഉറപ്പുനൽകി. ഇനിമേലിൽ വരുന്ന കുടിശികബില്ലുകൾ ഓഫീസിൽ ലഭിച്ച് രണ്ടു ദിവസത്തിനകം പാസാക്കും. കോർപ്പറേററ് മാനേജ്മെൻറുകളിലെ അധ്യാപകർ സ്ഥലംമാററം ചെയ്യപ്പെടുമ്പോൾ അപ്രൂവൽ ലഭിക്കാനുള്ള സമയപരിധി ആറുമാസമായി വർദ്ധിപ്പിക്കുന്നകാര്യം അനുകൂലമായി പരിഗണിക്കാമെന്നും ഉറപ്പുനൽകി. ഈ ആനുകൂല്യം ഫാക്കൽററി ഇംപ്രൂവ്മെൻറ് പ്രോഗ്രാം അനുസരിച്ച് ഗവേഷണത്തിനായി വിവിധ സർവകലാശാലാവകുപ്പുകളിൽ ചേർന്ന അധ്യാപകർക്കും ബാധകമാക്കും. ഗവൺമെൻറ് സർവ്വീസിൽനിന്നും റിട്ടയർ ചെയ്യുന്നവർക്ക് അനുവദിക്കുന്ന ഡി.ഏ. വർദ്ധനവ് പ്രൈവററ്കോളേജുകളിൽ നിന്നും റിട്ടയർചെയ്യുന്നവർക്കും നൽകാനുള്ള നടപടിയെടുക്കുന്നതാണെന്നും എത്രയും പെട്ടന്നുതന്നെ ഇതു സംബന്ധിച്ചുള്ള ഓർഡർ പുറപ്പെടുവിക്കുന്നതാണെന്നും ഉറപ്പുനൽകി.

എ. കെ. പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി, ജനറൽസെക്രട്ടറി പ്രൊഫ. ജി. മാധവൻനായർ, സിൻഡിക്കേററ് മെമ്പർ പ്രൊഫ. ടി. ഗോപാലകൃഷ്ണൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

---

For Comfortable Stay

# KAYCEES

**the most modern and luxurious lodge**

Y. M. C. A. Road, KOTTAYAM

Phone: 3440

# kerala private college teacher

a. k. p. c. t. a. journal

Vol. 4
No: 25

Registered. No: KL/TV/237


**ഫെബ്രുവരി 4 മുതൽ**
**കോളേജധ്യാപകർ**
**പണിമുടക്കുന്നു :**

- ☐ യു. ജി. സി. ശമ്പളനിരക്കുകൾ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കുക.
- ☐ യൂണിവേർസിററി നിയമഭേദഗതി റദ്ദുചെയ്യുക.
- ☐ നോൺകേഡർ ഒന്നാംഗ്രേഡ് പ്രൊഫസർഷിപ്പനുവദിക്കുക.
- ☐ ജൂനിയർ ലക്ചറർ / ട്യൂട്ടർ / ഡമോൺസ്ട്രേററർ സർവീസ് മുഴുവനും നോൺകേഡർ പ്രൊമോഷനു പരിഗണിക്കുക. ജൂനിയർ ലക്ചറർ തസ്തിക നിർത്തലാക്കുക.
- ☐ ഏൺഡ് ലീവ് അനുവദിക്കുക.
- ☐ ഗവൺമെൻറു കോളേജുകളിൽ ആകെ സർവ്വീസിൻെറ അടിസ്ഥാനത്തിൽ സീനിയോറിററി നിശ്ചയിച്ച് പ്രിൻസിപ്പൽമാരെ നിയമിക്കുക.
- ☐ കോർപ്പറേററ് മാനേജുമെൻറിൽ സ്ഥലംമാററങ്ങൾക്ക് വ്യക്തമായ മാനദണ്ഡം ഉണ്ടാക്കുക.
- ☐ ഡൈസ്നോൺ പൂർവ്വകാല പ്രാബല്യത്തോടെ പിൻവലിക്കുക.

A. K. P. C. T. A. സിന്ദാബാദ്

A. K. G. C. T. സിന്ദാബാദ്


*printed and published by prof. v. narayanan kutty, at chempaka printers, trivandrum-4, chief editor: v. n. murali.*